


# കേരളത്തിന്റെ 'അമൃതം'



എസ്. ഹരികിഷോർ ഐ എ എസ്
എക്സിക്യൂട്ടീവ് ഡയറക്ടർ
കുടുംബശ്രീ

കേരളത്തിലെ എല്ലാ അംഗൻവാടികളിലേക്കുമുള്ള ടേക് ഹോം റേഷൻ നൽകുന്നത് കുടുംബശ്രീയാണ്. 2006ലാണ് ഇന്ത്യയിൽ സ്ത്രീകളുടെ ഏറ്റവും വലിയ കൂട്ടായ്മയ്ക്ക് ഇത്തരത്തിലൊരു അവസരം ലഭിച്ചത്. ആറ് മാസം മുതൽ മൂന്ന് വയസ് വരെ പ്രായമുള്ള കുട്ടികൾക്ക് നൽകാനുള്ള പോഷകാഹാരമായ 'അമൃതം' പൊടി കുടുംബശ്രീയുടെ 238 സംരംഭങ്ങളാണ് വികേന്ദ്രീകതമായി ഉത്പാദിപ്പിക്കുന്നത്. ഈ ന്യൂട്രിമിക്സ് യൂണിറ്റുകളിലൂടെ 1569 പേർക്ക് ഉപജീവനം സാധ്യമാകുന്നു.

കുടുംബശ്രീ സംരംഭങ്ങളെ പുതിയൊരു തലത്തിലേക്ക് ഉയർത്താൻ 'ന്യൂട്രിമിക്സിന്' സാധിച്ചു എന്നതാണ് ഏറ്റവും ശ്രദ്ധേയമായ കാര്യം. 110 കോടിയുടെ വാർഷിക വിറ്റുവരവാണ് ന്യൂട്രിമിക്സ് യൂണിറ്റുകൾക്കുള്ളത്. മികച്ച ഉത്തരവാദിത്തത്തോടെ, സമയബന്ധിതമായി, ഉന്നത നിലവാരത്തിൽ പൂർണ്ണ ശുചിത്വവും പാലിച്ചാണ് ന്യൂട്രിമിക്സ് യൂണിറ്റുകൾ 'അമൃതം' പൊടിയുണ്ടാക്കുന്നത്. പ്രതിവർഷം 1200 മെട്രിക് ടൺ ആണ് ആകെയുള്ള ഉത്പാദനം.



വനിതാശിശുവികസന വകുപ്പും തദ്ദേശ സ്ഥാപന ങ്ങളും സംയോജിച്ചുള്ള പ്രവർത്തനം മുഖേനയാണ് അമൃതം ന്യൂട്രിമിക്സിനുള്ള ഓർഡറുകൾ കുടുംബ ശ്രീ യൂണിറ്റുകൾക്ക് നൽകുന്നതും ഉത്പാദനച്ചെലവ് അടക്കമുള്ള തുക, ഇതിനായി വകയിരുത്തിയി രിക്കുന്ന ഫണ്ടിൽ നിന്ന് ഈ യൂണിറ്റുകൾക്ക് ലഭ്യമാക്കുന്നതും. ഫുഡ് കോർപ്പറേഷൻ ഓഫ് ഇന്ത്യ വഴി യൂണിറ്റുകൾക്ക് സബ്സിഡി നിരക്കിൽ ഗോതമ്പ് ലഭ്യമാക്കുന്നു. കടല, കപ്പലണ്ടി, പഞ്ചസാര, സോയ തുടങ്ങിയ മറ്റു ചേരുവകൾ പൊതു വിപണി യിൽ നിന്നും വാങ്ങുന്നു. പിന്നീട് കൃത്യമായ അള വിൽ ചേരുവകൾ കഴുകി ഉണക്കി വറുത്ത് പൊ ടിച്ച് പായ്ക്ക് ചെയ്ത് തയാറാക്കുന്ന 'അമൃതം' ന്യൂ ട്രിമിക്സ് കുട്ടികളിലേക്കുമെത്തിക്കുന്നു.

ന്യൂട്രിമിക്സ് യൂണിറ്റുകളുടെ നിലവാരം വർദ്ധി പ്പിക്കാനാണ് കഴിഞ്ഞ രണ്ട് വർഷത്തിൽ ഞങ്ങൾ ശ്രമിച്ചത്. ആദ്യമായി യൂണിറ്റുകൾക്ക് ഗ്രേഡിങ് കൊണ്ടുവന്നു. ഇപ്പോൾ 226 യൂണിറ്റുകൾക്ക് എ ഗ്രേഡും 12 യൂണിറ്റുകൾക്ക് ബി ഗ്രേഡുമുണ്ട്. എല്ലാ യൂണിറ്റുകളെയും 2020ഓടെ എ ഗ്രേഡിൽ എത്തിക്കും. ഓരോ യൂണിറ്റിലും ഐഎസ്ഒ സർ ട്ടിഫിക്കേഷൻ കൊണ്ടുവരാനാണ് അടുത്ത ശ്രമം. വരും വർഷം ഇതിന്റെ നടപടികൾ ആരംഭിക്കും. ഐക്യരാഷ്ട്ര സഭയുടെ വേൾഡ് ഫുഡ് പ്രോഗ്രാ മിന്റെ പിന്തുണയോടെ ന്യൂട്രിമികസ് ഫോർട്ടിഫി ക്കേഷൻ കഴിഞ്ഞ വർഷം കൊണ്ട് സാധ്യമാക്കി. സംരംഭകർക്ക് കൂടുതൽ വരുമാനം ലഭ്യമാക്കാൻ യൂണിറ്റുകളിൽ മൂല്യവർദ്ധിത ഉത്പന്നങ്ങൾ നിർമ്മിക്കാനുള്ള ശ്രമവും ആരംഭിച്ചു കഴിഞ്ഞു. ഇന്ത്യയിലെ ഝാർഖണ്ഡ്, ബീഹാർ, ഒഡീഷ, പഞ്ചാബ് തുടങ്ങിയ വിവിധ സംസ്ഥാനങ്ങൾ ഈ മാതൃക പഠിച്ച് അതാതിടങ്ങളിൽ പ്രാവർത്തികമാ ക്കാൻ ഞങ്ങളുടെ സഹായം അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിനായുള്ള സഹായവും ഇപ്പോൾ നൽകിവരുന്നു. അക്ഷരാർത്ഥത്തിൽ കുടുംബശ്രീയുടെയും കേര ളത്തിന്റെ തന്നെയും 'അമൃത'മായി മാറിയിരിക്കു കയാണ് ഈ മികച്ച പദ്ധതി.